## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** | **04-03-2025 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് വൈദ്യുതി പ്രസരണനഷ്ടം ഏറ്റവും കുറവുള്ള സംസ്ഥാനമായി മാറുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി ഈ രംഗത്ത് വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ വിശദമാക്കുമോ; | (എ) | രാജ്യത്ത് വൈദ്യുതി പ്രസരണ നഷ്ടം കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നായി മാറുന്നതിനു കേരളത്തിന് സാധിച്ചിട്ടുണ്ട്.<br><br>പ്രസരണ നഷ്ടം, സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉത്പ്പാദനം, വൈദ്യുതിയുടെ ഉപഭോഗം, പുതിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും പൂർത്തീകരണം എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ആഭ്യന്തര ഉത്പ്പാദനം വർധിപ്പിക്കുന്നതിനും, വൈദ്യുതി പ്രസരണ ശൃഖല സബ്സ്റ്റേഷനുകളുടെ എണ്ണവും വൈദ്യുത ഉപഭോഗത്തിനു അനുസരിച്ച് വർധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ ചെയ്തു വരുന്നു.<br><br>2022-27 കാലയളവിലുള്ള ദീർഘകാല പ്രസരണ ശൃംഖല വികസനത്തിനായി പുതിയ സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണവും, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികളും വിഭാവനം ചെയ്തതിൻ പ്രകാരം 11 സബ്സ്റ്റേഷനുകൾ 2021-2022-ലും, 6 സബ്സ്റ്റേഷനുകൾ 2022-23-ലും, 7 സബ്സ്റ്റേഷനുകൾ (ഒരു 400kV സബ്സ്റ്റേഷൻ ഉൾപ്പടെ) 2023-24-ലും, 2024-25-ൽ ഇതുവരെ 6 സബ്സ്റ്റേഷനുകളും പൂർത്തീകരിച്ചു. SCADA സംവിധാനത്തോടുകൂടി രണ്ട് 220 കെ.വി സബ്സ്റ്റേഷനുകൾ 2021-22-ലും 4 എണ്ണം 2022-23-ലും പൂർത്തീകരിച്ചു.<br><br>33 കെ വി ഔട്ട്ഡോർ സബ്സ്റ്റേഷനുകളെ വിദൂര നിയന്ത്രിത സംവിധാനത്തോടെ ഇൻഡോർ |

സബ്സ്റ്റേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി 33 കെ.വി NIT Calicut ഇൻഡോർ സബ്സ്റ്റേഷന്റെയും 33 കെ.വി വെണ്ണിയൂർ യൂണിറ്റേയ്സ്ഡ് സബ്സ്റ്റേഷന്റെ (USS) യും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് യഥാക്രമം 06.08.2024-നും 27.12.2024-നും കമ്മീഷൻ ചെയ്തു. 33 കെ.വി കുന്നുംപുറം യൂണിറ്റേയ്സ്ഡ് സബ്സ്റ്റേഷൻ (USS)-ന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. 33കെ.വി തൃശ്ശൂർ മെഡിക്കൽ കോളേജ് USS സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ ഊർജ്ജ കേരള മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ കഴിഞ്ഞ 6 വർഷങ്ങൾ കൊണ്ട് തന്നെ ഒരു 400 കെ.വി സബ്സ്റ്റേഷനും പതിനൊന്ന് 220 കെ.വി സബ്സ്റ്റേഷനുകളും 179 സർക്യൂട്ട് കി മി 400 കെ.വി ലൈൻ ഉൾപ്പെടെ 1801 സർക്യൂട്ട് കി മി EHT ലൈനുകളും നിർമ്മാണം പൂർത്തിയാക്കി..

2020-ൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ പത്തനംതിട്ട, കക്കാട് 220 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണവും TERLS-മെഡിക്കൽ കോളേജ് 110 കെ.വി സബ്സ്റ്റേഷനുകളെ തമ്മിലും വിഴിഞ്ഞം-മുട്ടത്തറ-വേളി സബ്സ്റ്റേഷനുകളെ തമ്മിലും ഭൂഗർഭ കേബിൾ ഉപയോഗിച്ച് ബന്ധിപ്പിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു. കൂടാതെ ഗ്രീൻ എനർജി കോറിഡോർ പദ്ധതികളിൽ ഉൾപ്പെട്ട 125 കി. മി ദൈർഘ്യമുള്ള കാസർഗോഡ് മുതൽ വയനാട് വരെയുള്ള 400 കെ വി ലൈനിന്റെയും, കുന്നംകുളം-വെങ്ങല്ലൂർ 220/110 കെ വി ലൈനിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2022 - 27 കാലയളവിലുള്ള ദീർഘകാല പ്രസരണ ശൃംഖല വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാകുന്നതോടു കൂടി പ്രസരണ നഷ്ടം വീണ്ടും താഴെ കൊണ്ട് വരാൻ സാധിക്കും.

ഊർജ നഷ്ടം കുറയ്ക്കുന്നതിനും, ഉപ-പ്രസരണ ശൃംഖല നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി RDSS എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വേണ്ടി നിലവിലുള്ള 465.253 കിലോമീറ്റർ 33kV ഓവർഹെഡ് ലൈനുകൾ, കവേർഡ് കണ്ടക്ടറും, ഭൂഗർഭ കേബിളും ഉപയോഗിച്ച് നവീകരിക്കുന്ന പ്രവൃത്തികൾ ടെൻഡർ വിളിച്ച് 199 കോടി രൂപയ്ക്ക്

| | | | |
|---|---|---|---|
| | | | കരാർ നൽകി നടപ്പിലാക്കി വരുന്നു. മൊത്തം 47പ്രവൃത്തികളിൽ ഒൻപതു ലൈനുകളുടെ റീകണ്ടക്ടറിംഗ് ജോലികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | സംസ്ഥാനത്തെ വൈദ്യുതി പ്രസരണനഷ്ടം ഇനിയും കുറയ്ക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ; ഇതിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>ഇതിനായി നടപ്പിലാക്കി വരുന്ന പ്രവൃത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. വൈദ്യുതി ശൃഖല ശാക്തീകരണവുമായി ബന്ധപ്പെട്ട പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണ ശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ കെ.എസ്.ഇ.ബി.എൽ., ട്രാൻസ്ഗ്രിഡ് 2.0, CAPEX 22-27 എന്നീ സമഗ്രമായ മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ നടപ്പിലാക്കി വരികയാണ്. കൂടാതെ, 2032-ഓടു കൂടി അഞ്ച് 400kV, പതിനാല് 220kV, ഏഴുപത്തിനാല് 110kV, അൻപത് 33kV സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | പ്രസരണനഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടും പ്രസരണചെലവിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ? | (സി) | വൈദ്യുതി നിലയങ്ങളിൽ നിന്ന് ഉയർന്ന വോൾട്ടേജിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി, മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന വൈദ്യുതി എന്നിവ പ്രസരണ/വിതരണ ശൃംഖല വഴിയാണ് ഉപഭോക്താക്കളിലേക്ക് എത്തുന്നത്. അതിനാൽ വൈദ്യുതി ആവശ്യകത വർദ്ധിക്കുന്ന മുറയ്ക്ക് പ്രസരണ ശൃംഖല ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇത് കണക്കിലെടുത്ത് കൃത്യമായ മൂലധന നിക്ഷേപ പദ്ധതികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി പ്രകാരം പ്രസരണ മേഖലയിൽ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രസരണ ചെലവ് വർദ്ധിക്കുന്നുണ്ട്. എന്നാൽ ഭാവിയിൽ എനർജി ട്രാൻസിഷന്റെ ഭാഗമായി കൂടുതൽ വൈദ്യുത ഊർജ്ജം ഉപയോഗിക്കപ്പെടുമ്പോൾ, പ്രതി യൂണിറ്റ് പ്രസരണ നിരക്ക് കുറയ്ക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ